"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

MGNREGS അപ്പലേറ്റ് അതോറിറ്റി (ഓംബുഡ്സ്പേഴ്സൺ) കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഓംബുഡ്സ്പേഴ്സൺ അവാർഡിനെതിരെ സമർപ്പിക്കുന്ന അപ്പീൽ പരിഗണിച്ച് ഉചിതമായ തീർപ്പ് ഉണ്ടാക്കുന്നതിന് തത്കാലികമായി സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.928/2026/LSGD തീയതി,തിരുവനന്തപുരം, 27-04-2026

---

പരാമർശം:-
1. GO(Rt)No.234/2026/LSGD തീയതി 30.01.2026
2. MGNREGS മിഷൻ ഡയറക്ടറുടെ 07.04.2026 തീയതിയിലെ NREGA/837/2022-A3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം ദീർഘിപ്പിച്ച MGNREGS അപ്പലേറ്റ് അതോറിറ്റിയുടെ (ഓംബുഡ്സ്പേഴ്സൺ) കാലാവധി 31.03.2026-ൽ അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത കാര്യാലയത്തിന്റെ തുടർ പ്രവർത്തനം സംബന്ധിച്ച് പരാമർശം (2) കത്ത് പ്രകാരം MGNREGS മിഷൻ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. രാജ്യത്ത് MGNREG Act പകരം VB G RAM G Act നടപ്പിലാക്കുന്ന അവസരത്തിൽ അപ്പീൽ അതോറിറ്റി, അതിന്റെ ഘടന എന്നിവയിൽ മാറ്റം ഉണ്ടാകുമോ എന്നതിൽ നിലവിൽ വ്യക്തത വന്നിട്ടില്ലെന്നും പുതിയ അപ്പലേറ്റ് അതോറിറ്റി നിയമനം ഉണ്ടാകും വരെ ഓംബുഡ്സ്പേഴ്സൺ അവാർഡിനെതിരെ സമർപ്പിക്കുന്ന അപ്പീൽ കൈകാര്യം ചെയ്യാൻ ഒരു സംവിധാനം ആവശ്യമാണ് എന്നും ഈ സാഹചര്യത്തിൽ അപ്പീൽ പരിഗണിച്ച് ഉചിതമായ തീർപ്പ് ഉണ്ടാക്കുന്നതിനായി തത്കാലം സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാവും  ഉചിതമെന്നും ഇക്കാര്യത്തിൽ സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ സഹായിക്കുന്നതിനായി നിലവിൽ അപ്പലേറ്റ് അതോറിറ്റിയിൽ തന്നെ നിയമിതരായിട്ടുള്ള ജീവനക്കാരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണെന്ന് മിഷൻ ഡയറക്ടർ പരാമർശം (2)ൽ നിർദേശിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. VB-G RAM G പദ്ധതി നടപ്പിലാക്കുന്ന അവസരത്തിൽ അപ്പീൽ അതോറിറ്റി, അതിൻറെ ഘടന എന്നിവയിൽ മാറ്റം ഉണ്ടാകുമോ എന്ന് നിലവിൽ വ്യക്തത വന്നിട്ടില്ലാത്ത സാഹചര്യത്തിൽ, പുതിയ അപ്പലേറ്റ് അതോറിറ്റി നിയമനം ഉണ്ടാകും വരെ, സംസ്ഥാനത്ത് ഓംബുഡ്സ്പേഴ്സൺ (MGNREGS) അവാർഡിനെതിരെ

സമർപ്പിക്കുന്ന അപ്പീൽ പരിഗണിച്ച് ഉചിതമായ തീർപ്പ് ഉണ്ടാക്കുന്നതിനായി കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ താത്കാലികമായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ഇക്കാര്യത്തിൽ സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ സഹായിക്കുന്നതിനായി നിലവിൽ MGNREGS അപ്പലേറ്റ് അതോറിറ്റിയിൽ നിയമിതരായിട്ടുള്ള ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ്, 3-ാംനില, CWC ബിൽഡിംഗ്, LMS കോമ്പൗണ്ട്, പാളയം, തിരുവനന്തപുരം

മിഷൻ ഡയറക്ടർ, MGNREGS സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എല്ലാ ഓംബുഡ്സ്പേഴ്സൺമാർക്കും (MGNREGS സ്റ്റേറ്റ് മിഷൻ മുഖേന)

എല്ലാ ജില്ലാ കലക്ടർമാർക്കും

എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ബന്ധപ്പെട്ട മറ്റെല്ലാവർക്കും (MGNREGS സ്റ്റേറ്റ് മിഷൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

**Web & New Media, I&PRD**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 29-04-2026 10:25:30
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി